Mr. B. V. K. Menon *(Joint Secretary to Government):* That aspect has not yet been considered.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Will it be looked into in the light of Cochin Subjects dying and in the light of that Cochin Subjects' lives are being taken ?

Mr. B. V. K. Menon *(Joint Secretary to Government):* Only two deaths have been occurred. One case has been reported recently on the bridge. But on the road more fatal cases have been reported even on account of the motor vehicles. But it is not only on account of lack of foot-path that these accidents occur.

BEDS IN THE ERNAKULAM GENERAL HOSPITAL

58. മിസ്റ്റർ എം. കെ. വഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു ദയവായി മറുപടി പറയാമോ.—

(എ) എറണാകുളം ജനറലാസ്പത്രിയിൽ ഇപ്പോൾ (൧൯൪൫ ചിങ്ങം ൧-ാംനു) കുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ എന്നി ഓരോ വിഭാഗത്തിലും പേയ്‌വാർഡിലും കിടത്തി ചികിത്സിക്കത്തക്ക എത്ര ബെഡ്ഡുകൾ ഉണ്ടു ;

(ബി) മേൽപറഞ്ഞ തിയ്യതിയിൽ ഓരോ വിഭാഗത്തിലും എത്ര രോഗികളെവീതം കിടത്തി ചികിത്സിച്ചിരുന്നു ;

(സി) അവരിൽ എത്രപേർ കൊച്ചിക്കാരും എത്രപേർ അന്യനാട്ടുകാരുമാണു ;

(ഡി) ജനറൽ ആസ്പത്രിയിൽ സിവിൽസർജൻ, അസിസ്റ്റാണ്ടു് സർജൻ, സ്പെഷലിസ്റ്റ്സ്, സീനിയർസ്, ജൂനിയർസ്, വാർഡുവേലക്കാർ, തോട്ടികൾ, ഏയ റവ് കീപ്പർസ്, സ്വീപ്പേഴ്സ്, സ്റ്റോർ കീപ്പേഴ്സ് എന്നിങ്ങനെ ഓരോ വകുപ്പിലും എത്ര ഉദ്യോഗസ്ഥന്മാരും എത്ര ജീവനക്കാരും വീതം ഉണ്ടു് ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) പുരുഷന്മാർ ൯൭
സ്ത്രീകൾ ൧൦൫
കുട്ടികൾ ൪൪
പെയ്‌വാർഡു് ൨൪
ആകെ ൨൭൯ ബെഡ്ഡുകൾ ഉണ്ടു്.

(ബി) പുരുഷന്മാർ ൯൭ പെയ്‌വാർഡു് + ൪൭
സ്ത്രീകൾ ൧൦൫ + ൬
കുട്ടികൾ ൪൪ + ൨
ആകെ ൨൪൬ + ൫൩
= ൨൯൯

(സി) കൊച്ചിക്കാർ ൨൪൪
അന്യനാട്ടുകാർ ൫൫
ആകെ ൨൯൯

(ഡി) അനുബന്ധം നോക്കുക. *(Appendix VI.)*

മിസ്റ്റർ എം. കെ. വഗീസ്: ആകെ ൨൭൯ ബെഡ്ഡുകളേ ഉള്ളു എന്നു പറഞ്ഞു. പിന്നെ എങ്ങിനെയാണു് ൨൯൯ രോഗികളെ ചികിത്സച്ചതു് ?

മിസ്റ്റർ സി. ജെ. മാത്യു: ബാക്കിയുള്ളവരെ ബഞ്ചിലും മറ്റും കിടത്തിയാണു് ചികിത്സിച്ചതു്.

മിസ്റ്റർ എം. കെ. വഗീസ്: ൫൫ അന്യനാട്ടുകാരായ ആളുകളെ ഇവിടെ ചികത്സിച്ചുകൊണ്ടിരിക്കുമ്പോഴല്ലേ കൊച്ചിക്കാരായ രോഗികൾക്കു ബെഡ്ഡുകിട്ടാതെ പുറത്തേക്കു പോകേണ്ടിവന്നതു് ?

മിസ്റ്റർ സി. ജെ. മാത്യു: അന്യനാട്ടുകാർ രോഗികളായി ഇവിടെ വന്നാൽ അവർ അന്യനാട്ടുകാരാണു് എന്ന കാരണത്താൽ അവരെ പുറത്തു വിടാൻ പാടില്ല.

മിസ്റ്റർ പി. കെ. ഡീവർ: നമ്മുടെ നാട്ടുകാർ അന്യനാട്ടിൽ രോഗികളായി ചെന്നാൽ അവരെ അവിടെ ചികത്സിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: ഉവ്വു്. തീച്ചയായിട്ടും അവരെ ചികത്സിക്കും.

LIBRARY ARCHIVES Kerala Legislative Assembly